ഞങ്ങളുടെ താവളത്തിൽ എത്തി. താഴത്തെ മുറിയിലെ പാർപ്പുകാരെ അവിടെ കണ്ടില്ല. മുകളിൽ കയറി നോക്കിയപ്പോൾ, ഞങ്ങളുടെ കിടപ്പു സാമാനങ്ങളും, വസ്ത്രങ്ങളും, പാത്രങ്ങളും—എന്തിന്, പുസ്തകങ്ങൾകൂടിയും—അവർ കൊണ്ടുപോയിരിക്കുന്നതായി അറിവായി.

ഇരുണ്ട രാത്രി. കൊടുംകാട്, കതകുകളില്ലാത്ത ശൂന്യഗൃഹം. ചീറിയടിക്കുന്ന തണുത്ത കാററ്. അകലെ പുഴ പാറകളിൽ തടഞ്ഞ് ഒലിക്കുന്ന ഇരമ്പം. ഇടയ്ക്കിടെ ഞാനറിയാത്ത മൃഗങ്ങളുടെയും പക്ഷികളുടെയും ശബ്ദങ്ങൾ. സാന്ദ്രമായ ഏകാന്തത.

ഉറക്കംവരാതെ ഞാൻ ആ നിലത്തു കുത്തിയിരുന്നു. പല വികാരങ്ങളായിരുന്നു മനസ്സിൽ. തീർച്ചയായും ഭയം അവയിൽ പ്രധാനപ്പെട്ട ഒരു വികാരമായിരുന്നു.

ഞാൻ എൻെറ ഭൂതകാലത്തെയും വർത്തമാനകാലത്തെയുംപററി ആലോചിച്ചു. കുടുംബാംഗങ്ങളെപ്പററി ആലോചിച്ചു. രാജ്യത്തിലെ സമകാല യാഥാർത്ഥ്യങ്ങളെപ്പററി ആലോചിച്ചു. യൂറോപ്പിൽ പൊരിഞ്ഞുനടക്കുന്ന യുദ്ധത്തെപ്പററി ആലോചിച്ചു. ദക്ഷിണപൂർവേഷ്യയിലെ സംഭവവികാസങ്ങളെപ്പററി ആലോചിച്ചു.

ആലോചനകളിൽനിന്നു രക്ഷപ്പെടാനായി ഞാൻ മുമ്പ് ഉരുവിട്ടു പഠിച്ചിരുന്ന പാണിനിയുടെ അഷ്ടാദ്ധ്യായീ സൂത്രപാഠം എന്ന സംസ്കൃതവ്യാകരണത്തിൻെറ ആധാരഗ്രന്ഥം അല്പം ഉറക്കെ ആദ്യംമുതൽ, ചൊല്ലാൻ തുടങ്ങി.

ആ വീടിൻെറ മൂലയോടുകൾക്കിടയിൽ കുടിപാർത്തിരുന്ന എലികൾ അതിനു മുമ്പും പിമ്പും അത്തരം ചില ശബ്ദങ്ങൾ കേട്ടിരിക്കയില്ല.

അന്നെനിക്ക് ഇരുപത്തിയാറു വയസ്സായിരുന്നു. ഇപ്പോൾ എനിക്ക് എഴുപതു വയസ്സു കഴിഞ്ഞിരിക്കുന്നു. നാല്പത്തിനാലു വർഷം മുമ്പ്, കാട്ടിലെ ആ രാത്രിയെപ്പററി ആലോചിക്കുമ്പോൾ ഇന്ന് എൻെറ മനസ്സിൽ ഉളവാകുന്ന വികാരം എന്താണ്? ആഹ്ലാദം? പരിഹാസം? ഗൃഹാതുരത്വം? എന്തായാലും, അത്യന്തം സംതൃപ്തികരമാണ് ആ വികാരം.

(10 സെപ്തംബർ, 1986)

# 59. ലളിതാംബിക അന്തർജനം

മലയാള സാഹിത്യത്തറവാട്ടിൻെറ വിശാലമായ എട്ടുകെട്ടിൽ അഭ്യർഹിതമായ ഒരു ഭാഗത്ത് അരനൂററാണ്ടുകാലമായി നിസ്തുലശോഭയോടെ ജ്വലിച്ചുനിന്നിരുന്ന ആ ഭദ്രദീപം 1987 ഫെബ്രുവരി 6-ാം തീയതി പൊലിഞ്ഞുപോയി. പാലായിൽ രാമപുരത്തുള്ള അമനകര ഇല്ലത്തു വെച്ച് എഴുപത്തെട്ടാം വയസ്സിൽ ശ്രീമതി ലളിതാംബിക അന്തർജനം അന്തരിച്ചു.

കവിതാസമാഹാരങ്ങളും കഥാസമാഹാരങ്ങളും കുട്ടികൾക്കുള്ള പുസ്തകങ്ങളും സാഹിത്യപഠനങ്ങളും ആത്മകഥയും നോവലുമായി ഇരുപത്തഞ്ചോളം കൃതികൾ അവരുടെ വകയായി ഉണ്ടെങ്കിലും, അറുപത്തേഴാം വയസ്സിൽ പ്രസിദ്ധീകരിച്ച 'അഗ്നിസാക്ഷി' എന്ന ചെറിയ നോവലിലൂടെയായിരിക്കും ലളിതാംബിക അന്തർജനം കേരളീയ സഹൃദയരുടെ സ്മരണയിൽ ശാശ്വത പ്രതിഷ്ഠ നേടുക എന്നു തോന്നുന്നു. ഓടക്കുഴൽ അവാർഡ്, കേരളസാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് അങ്ങനെ പുരസ്കാരങ്ങളുടെ

ഒരു പരമ്പരയെ തന്നിലേക്കാകർഷിച്ചു എന്നതു മാത്രമല്ല 'അഗ്നിസാക്ഷി'യെ സവിശേഷം സ്മരണാർഹമാക്കുന്നതു്. അതിവിശാലമായ ഒരു പ്രമേയത്തെ—ഒരുപക്ഷേ, രണ്ടു പ്രമേയങ്ങളെ—വികാരത്തിന്റെ തലത്തിലേക്കുയർത്തി, രണ്ടോ, മൂന്നോ വ്യക്തികളുടെ ജീവിതങ്ങളിലൂടെ ഫോക്കസ്ചെയ്തു്, അത്ഭുതകരമായ ബാഹ്യ—ആഭ്യന്തരസൗന്ദര്യങ്ങളോടെ, കഷ്ടിച്ചു നൂററമ്പതു പേജുകൾക്കുള്ളിൽ അവതരിപ്പിക്കുകവഴി 'അഗ്നിസാക്ഷി'യുടെ ലേഖിക മലയാളത്തിലെ നോവലിസ്റ്റുകൾക്കിടയിൽ തനതായ ഒരു സ്ഥാനത്തിനു് അർഹത നേടിയിട്ടുണ്ടു്. 1930—കൾ മുതൽ 1950—കൾ കൂടിയുള്ള മുപ്പതു വർഷങ്ങളിൽ കേരളത്തിലെ നമ്പൂതിരിസമുദായത്തിന്റെ അത്യന്തം സീമിതമായ മണ്ഡലത്തിനകത്തു് കത്തിയാളിക്കെട്ടടങ്ങിയ പരിഷ്കരണപ്രസ്ഥാനത്തിന്റെയും, ഇതേ കാലത്തുതന്നെ ഇന്ത്യയെന്ന വിശാലമായ രാഷ്ട്രത്തിൽ അലയടിച്ചുയർന്നു് തകർന്നടിഞ്ഞുപോയ ഗാന്ധിയൻ വിപ്ലവപ്രസ്ഥാനത്തിന്റെയും ദീപ്രവും ദയനീയവുമായ ദുരന്തത്തിന്റെ കലാത്മകമായ ആവിഷ്കരണം 'അഗ്നിസാക്ഷി'യെ നിത്യപ്രസക്തിയുള്ള ഒരു കലാസൃഷ്ടിയാക്കിയിരിക്കുന്നു.

കൊട്ടാരക്കര തമ്പുരാക്കന്മാരുടെ 'തേവാരി'മാർ ആയിരുന്ന കോട്ടവട്ടത്തു് പോററിമാരുടെ സമ്പന്നമായ കുടുംബത്തിൽ, ശ്രീമൂലം പ്രജാസഭാ മെംബറും കവിയുമായിരുന്ന ദാമോദരൻപോററിയുടെയും അഭ്യസ്തവിദ്യയായിരുന്ന നങ്ങയ്യ അന്തർജനത്തിന്റെയും പുത്രിയായി, 1909 മാർച്ചിൽ പിറന്ന ലളിതാംബികയ്ക്കു് സ്കൂൾവിദ്യാഭ്യാസം ലഭിക്കുകയുണ്ടായില്ല എന്നതു് അസാധാരണമായി തോന്നാം. എങ്കിലും അന്നത്തെ കാലത്തു് മററു് അന്തർജന ബാലികമാർക്കു ലഭിക്കുമെന്നു കരുതാനാവാത്തവിധം ഉദാരമായ സാമാന്യവിദ്യാഭ്യാസം അവർക്കു് അനായാസമായിത്തന്നെ കൈവരികയുണ്ടായി. അതിനെപ്പററി ലളിതാംബിക അന്തർജനം പിന്നീടു് ഇങ്ങനെ എഴുതിയിട്ടുണ്ടു്:

'നമ്പൂതിരിസമുദായത്തിൽ (ഒരു ബാലികയ്ക്കും)അന്നോളം ഉണ്ടായിട്ടില്ലാത്തത്ര സ്വാതന്ത്ര്യം ഞാൻ അനുഭവിച്ചിരുന്നു. അച്ഛൻ വിദ്യാസമ്പന്നനും ഉൽപതിഷ്ണുവും ആയിരുന്നു. വീട്ടിൽ സംഗീതമുൾപ്പെടെ എല്ലാററിനും അദ്ധ്യാപകരെ വെച്ചിരുന്നു. നമ്പൂതിരി ബാലികമാരിൽ ആദ്യമായി പാവാടയും ബ്ലൗസ്സുമിട്ടു വളർന്നതു്, എന്റെ അറിവിൽ പെട്ടിടത്തോളം, ഞാനാണു്. കാതിൽ കമ്മലുമിട്ടു. ഇതൊക്കെ അന്നു് ഭ്രഷ്ടു് ഉണ്ടാക്കാൻപോന്ന കാര്യങ്ങളാണെന്നു് ഓർക്കണം. എന്നിട്ടും സമ്പന്നമായ ഒരു കുടുംബത്തിലെ ഏക പുത്രിയായിരുന്നിട്ടും, എന്നെ ഇംഗ്ലീഷ് പഠിപ്പിക്കാൻ അച്ഛനു ധൈര്യംവന്നില്ല. അച്ഛനും അമ്മയും കവികളായിരുന്നു. വീട്ടിൽ കവികളുടെയും കലാകാരന്മാരുടെയും ഒരു സംഘംതന്നെ എപ്പോഴും ഉണ്ടായിരിക്കും. കേരളവർമ്മയുടെ ശിഷ്യൻ (ആയ) അച്ഛനും രാജരാജവർമ്മയുടെ ശിഷ്യൻ (ആയ) അപ്ഫനും കൂട്ടാളികളുമായി നടത്തുന്ന നിരന്തരമായ സാഹിത്യ വാക്സമരങ്ങൾ ഒരിടത്തു്. മറെറാരിടത്തു് 'കോൺഗ്രസ്' ചിററപ്പനും 'രാജഭക്തൻ' ചിററപ്പനുമായി നടക്കുന്ന വഴക്കുകൾ. മലയാളത്തിൽ അന്നോളമുണ്ടായിട്ടുള്ള സമസ്തഗ്രന്ഥങ്ങളും പത്രമാസികകളുമടങ്ങിയ വായനമുറി. ഈ മുറിയും അതിനു വെളിയിൽ മുഴങ്ങിയിരുന്ന ചർച്ചകളുമാണു കൂട്ടുകാരില്ലാത്ത പെൺകുട്ടിയുടെ ആശയങ്ങളെ രൂപപ്പെടുത്തിയതെന്നു തോന്നുന്നു.'

സാഹിത്യമെന്നാൽ കവിതയാണെന്ന ധാരണ പുലർന്നിരുന്ന അക്കാലത്തു്, കവികളായിരുന്ന അച്ഛനെയും അമ്മയെയും അനുകരിച്ചു ബാലികയായ ലളിതാംബിക കവിതയെഴുതാൻ തുടങ്ങിയതിൽ അസാധാരണമായൊന്നുമില്ല. ഈ ആദ്യകാല കവിതകളിൽ ഏറെയെണ്ണം, സ്വാഭാവി

കമായി, പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായില്ല. എന്നാൽ, പില്ക്കാലത്തു പ്രസിദ്ധീകരിക്കപ്പെട്ട ലളിതാംബികയുടെ കവിതകളിൽ പലതും, നാലു പുസ്തകങ്ങളിലായി സമാഹരിക്കപ്പെട്ടിട്ടുണ്ട്.

മഹാത്മാഗാന്ധിയെപ്പററി, ഒരു കവിതകൂടി ഉൾക്കൊള്ളിച്ചു പന്ത്രണ്ടാം വയസ്സിൽ ലളിതാംബിക എഴുതിയ ഒരു ലേഖനം ഒരു മാസികയിൽ അച്ചടിച്ചുവന്നു; പത്രാധിപർ ഈ ലേഖനത്തെ അഭിനന്ദിച്ച് ഒരു കത്തു ലേഖികക്കു് അയയ്ക്കുകയുംചെയ്തു. ഇതോടെ, എഴുതുകയോ, പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നതിൽ തനിക്കു സാമൂഹ്യമായ ഒരു വിലക്കിനെയും വകവയ്ക്കേണ്ടതില്ലെന്ന വിശ്വാസം ലളിതാംബികയ്ക്കു കൈവന്നിരിക്കണം. അങ്ങനെ അവർ ധാരാളം എഴുതി; ചിലതെല്ലാം പ്രസിദ്ധീകരിക്കുകയുംചെയ്തു. ഒരു ബാലികയുടെ ലോകപരിചയമേ ഉള്ളൂ എങ്കിലും, അവർക്കു പറയാൻ ധാരാളം കാര്യങ്ങളുണ്ടായിരുന്നു. പശ്ചാത്തലത്തിൽ ഇന്ത്യയുടെ രാഷ്ട്രീയ സ്വാതന്ത്ര്യപ്രസ്ഥാനവും പുരസ്ഥലത്തിൽ നമ്പൂതിരിസമൂഹത്തിലെ സാമുദായിക--പരിഷ്ക്കരണപ്രസ്ഥാനവും അവരുടെ കൗമാരഭാവനയെ ഉദ്ദീപിപ്പിച്ചു.

നമ്പൂതിരി—സാമുദായിക പരിഷ്കരണപ്രസ്ഥാനത്തിനുണ്ടായിരുന്ന ഒരു സവിശേഷത, പ്രധാനമായി അതൊരു സ്ത്രീവിമോചന പ്രസ്ഥാനമായിരുന്നു എന്നതാണ്.

'മുമ്പോട്ടു കാലം കടന്നു പോയീടാതെ
മുമ്പേ സ്മൃതികളാൽ കോട്ട കെട്ടി
വമ്പാ,ന്നനാചാര മണ്ഡലമത്രരായ്.'

നമ്പൂരാർ നടത്തിയ വാഴ്ച ഏററവും ദോഷകരമായി ബാധിച്ചതു് അവരുടെ സ്ത്രീകളെ ആയിരുന്നു. തന്റെ ബാല്യം സ്വാതന്ത്ര്യപൂർണ്ണവും, പതിനെട്ടാം വയസ്സിൽ ആരംഭിച്ച ദാമ്പത്യം ഭൗതികമായും വൈകാരികമായും അത്യന്തം തൃപ്തികരവും ആയിരുന്നെങ്കിലും, സ്വന്തം സമുദായത്തിലെ നിർഭാഗ്യകളായ എത്രയോ സ്ത്രീകളെപ്പററി നിരന്തരം ഓർക്കാതിരിക്കാൻ ലളിതാംബികയ്ക്കു കഴിഞ്ഞില്ല. 'അപ്ഫന്റെ മകൾ' എന്ന നോവലിലൂടെ മുത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരിപ്പാടും 'രജനീരംഗം' എന്ന കഥാസമാഹാരത്തിലൂടെയും 'അടുക്കളയിൽനിന്നു് അരങ്ങത്തേക്കു്' എന്ന നാടകത്തിലൂടെയും വി.ടി.രാമൻ ഭട്ടതിരിപ്പാടും, 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' എന്ന കഥാസമാഹാരത്തിലൂടെ എം.ആർ.ബിയും 'ഋതുമതി' എന്ന നാടകത്തിലൂടെ എം. പി. ഭട്ടതിരിപ്പാടും അതിവിശദമായും കലാത്മകമായും അവതരിപ്പിച്ച അന്തർജനങ്ങളുടെ ജീവിതദുരന്തങ്ങൾ സ്വന്തം രചനകളിലൂടെ ആവിഷ്കരിക്കേണ്ടതു്, ലളിതാംബികയെ സംബന്ധിച്ചിടത്തോളം, അനിവാര്യതയായിത്തീർന്നു. ഈ ഉദ്ദേശ്യത്തിനു കവിതയേക്കാൾ യോജിച്ചതു കഥയെന്ന മാദ്ധ്യമമാണെന്നു മുൻപറഞ്ഞ പൂർവഗാമികളുടെ രചനകളിൽനിന്നു് ലളിതാംബിക അന്തർജനം മനസ്സിലാക്കിയിരിക്കണം. 'ഞാൻ ആദ്യം എഴുതിത്തുടങ്ങിയതു കവിതയാണ്. പറയാനുള്ളതു മുഴുവൻ അതിൽ ഒതുങ്ങിയില്ലെങ്കിൽ, സ്വാഭാവികമായി, മററു മാർഗങ്ങൾ വന്നു ചേരുന്നു. ഞാനൊരു കഥാകർത്രിയായതു് അങ്ങനെയാണ്. വികാരവിചാരങ്ങളെ സമഗ്രമായി യോജിപ്പിച്ചു ശക്തമായി പ്രതിപാദിക്കുവാൻ ചെറുകഥപോലെ നല്ല കലാരൂപം മററില്ല, വിശേഷിച്ചും കലോപാസനയ്ക്കിടയിൽ ചില ലക്ഷ്യം കൂടി സാധിക്കണമെന്നുള്ളവർക്കു്' എന്നു് ലളിതാംബികതന്നെ പിന്നീടു പറയുകയുണ്ടായിട്ടുണ്ട്.

ലളിതാംബിക അന്തർജനത്തിന്റെ രചനകളിൽ എണ്ണംകൊണ്ടു മുന്തിനില്ക്കുന്നതു കഥകളാണ്. ഇവ പതിന്നാലു സമാഹാരങ്ങളിലായി

പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ഈ കഥകൾ എഴുതപ്പെട്ട കാലത്തെ സമുദായപരിഷ്കരണത്തിന്റെയോ, രാഷ്ട്രീയസ്വാതന്ത്ര്യസമരത്തിന്റെയോ അന്തരീക്ഷം ഇല്ലാതായിക്കഴിഞ്ഞതിനുശേഷവും, ഭാഷയുടെ സൗന്ദര്യത്താലും പ്രതിപാദനത്തിലെ സൗകമാര്യത്താലും ആവിഷ്കരിക്കപ്പെടുന്ന മനുഷ്യഭാവങ്ങളുടെ സാർവകാലികതയാലും അനുവാചകനെ ആകർഷിക്കുകയും, അയാളുടെ ഹൃദയത്തിൽ ശാശ്വതങ്ങളായ ചില ചലനങ്ങൾ ഉളവാക്കുകയുംചെയ്യുന്ന രചനകൾ, ഇവയ്ക്കിടയിൽ, എണ്ണത്തിൽ കറവല്ല. ഉദാരയായ ഒരു കുടുംബിനിയുടെ സ്നേഹാർദ്രമായ ഹൃദയത്തിന്റെ സ്പന്ദനങ്ങൾ ഈ കഥകളിൽ നാം കേട്ടറിയുന്നു.

ഭർത്താവിന്റെയും കുടുംബാംഗങ്ങളുടെയും പ്രോത്സാഹനവും സഹകരണവും നിർലോഭം ലഭിച്ചിരുന്നിട്ടും, ഒരു കുടുംബനാഥ എന്ന നിലയിലും സ്ത്രീയെന്ന നിലയിലും വന്നുചേർന്ന പരിമിതികൾമൂലം, ആഗ്രഹിച്ചപോലെ സാഹിത്യസേവനം നിർവഹിക്കാൻ തനിക്കു കഴിയാത്തതിൽ ലളിതാംബിക പലപ്പോഴും ഖേദം പ്രകടിപ്പിച്ചിട്ടുണ്ട്: 'ഞാനിന്നോളം രാത്രിയിലേ വല്ലതും എഴുതിയിട്ടുള്ളൂ. രണ്ടു കുട്ടികളെ തൊട്ടിലിലിട്ട് ആട്ടിക്കൊണ്ടു ചുവട്ടിലിരുന്ന് എഴുതിയിട്ടുണ്ട്. അടുക്കളപ്പടിമേൽ വെച്ചു കവിത കുറിക്കാറുണ്ട്. കഥ അങ്ങനെ പററില്ല. രാത്രി പത്തുമണി കഴിഞ്ഞു സമസ്ത ജീവജാലങ്ങളും ഉറങ്ങുന്ന സമയം ഉണർന്നിരുന്ന് ഞാൻ എഴുതും—പലപ്പോഴും നേരം വെളുക്കുന്നതുവരെ.' സ്വന്തം ആരോഗ്യം അപകടത്തിലാകുവോളം അവരുടെ ഈ സാഹിത്യസാധന നീണ്ടുപോയിട്ടുണ്ട്.

സാഹിത്യസേവനത്തിനു നമ്മുടെ നാട്ടിൽ സ്ത്രീത്വം പ്രതിബന്ധമാകുന്നതെങ്ങനെ എന്ന് ലളിതാംബിക അന്തർജനം വിവരിച്ചിട്ടുണ്ട്: 'സ്ത്രീകൾക്കു കലാവാസനയില്ലാഞ്ഞല്ല. സ്ത്രീകളുടെ ആശയപ്രകാശനം ഒരു മഹാപാപമാണെന്നാണു വെപ്പ്. സ്ത്രീകൾ മനസ്സിലുള്ളതു പറയാൻ പാടില്ലല്ലോ? തുമ്മിയാൽ പോകുന്ന മൂക്കാണ് നമ്മുടെയൊക്കെ അഭിമാനം. സ്ത്രീയുടെ പ്രധാന ചുമതല കുടുംബിനിയുടേതാണെന്നാണു സമൂഹം അംഗീകരിച്ചിട്ടുള്ളതു്. സ്ത്രീക്കു വ്യക്തി എന്ന ഭാവം ഇനിയും കൈവന്നിട്ടില്ല. സമുദായം അതു് അംഗീകരിക്കാൻ തയ്യാറായിട്ടുമില്ല. ആരോ എഴുതിയിട്ടുള്ളതുപോലെ, സന്ന്യാസിനികൾ തേവിടിശ്ശികൾ ഇടയിൽ സ്ത്രീക്കു സ്ഥാനമില്ലെന്ന മട്ടിലാണു സമുദായത്തിന്റെ പോക്കു്. ആദ്യമായി, സ്ത്രീയുടെ വ്യക്തിത്വം അംഗീകരിക്കാൻ സമുദായം തയ്യാറാവണം. എഴുതാൻ ദാഹിച്ചു പരാജയപ്പെട്ട ഒട്ടേറെ പെൺകുട്ടികളുടെ കഥ എനിക്കറിയാം. സ്ത്രീ എന്തെങ്കിലും എഴുതിയാൽ അപവാദപ്രചാരണം ആരംഭിക്കുകയായി. പ്രശസ്തരായ, തന്റേടമുള്ള, സമൂഹത്തിന്റെ അംഗീകാരവും തണലും ലഭിച്ച, എഴുത്തുകാരികൾക്കുപോലും അപവാദം കേൾക്കേണ്ടിവരുന്നു. മററുള്ളവരുടെ കാര്യം പിന്നെ പറയണോ? ഈ മനോഭാവം നിലവിലുള്ളപ്പോൾ, എത്ര സ്ത്രീകൾക്കു കഥയെഴുതാൻ കഴിയും? ഒരു പുരുഷന്റെ മാനം അവന്റേതു മാത്രമാണ്. ഒരു സ്ത്രീയുടേതാകട്ടെ ഒരു കുടുംബത്തിന്റെ മുഴുവൻ ജീവന്മരണപ്രശ്നമായി നാം കരുതുന്നു. ഈ സ്ഥിതിയിൽ, അത്ര വളരെ തന്റേടത്തോടെ സാഹിത്യവേദിയിലേക്ക് എടുത്തുചാടാനൊന്നും (ഒരു സ്ത്രീയും) ധൈര്യപ്പെടുകയില്ല.'

എങ്കിലും, ഒരു സ്ത്രീയായിപ്പോയതു് തന്റെ നിർഭാഗ്യമായി എന്ന് ലളിതാംബിക അന്തർജനം കരുതിയിരുന്നതായി എനിക്കു തോന്നിയിട്ടില്ല. മറിച്ച്, സ്ത്രീത്വത്തിന്റെ എല്ലാ സവിശേഷതകളെയും അവർ ആഹ്ലാദപൂർവം സ്വീകരിക്കുകയും, സ്വന്തം കൃതികളിലൂടെ അവയെ മഹത്ത്വപ്പെടുത്തുകയുംചെയ്തു. തന്റെ ആദ്യത്തെ കർമ്മക്ഷേത്രം കുടുംബമാണെന്ന് അവർ കരുതി. നമ്പൂതിരിമാരുടെ സാമുദായിക പരിഷ്കരണ

പ്രസ്ഥാനത്തിൽ താല്പര്യമെടുത്തപ്പോഴും, ഏടുത്തുചാട്ടങ്ങൾക്കൊന്നും അവർ തയ്യാറായില്ല. മറക്കുട കളഞ്ഞ് ആദ്യമായി പൊതുസ്ഥലത്തു പ്രത്യക്ഷപ്പെട്ട അന്തർജനം ലളിതാംബികയായിരുന്നില്ല. ആദ്യമായി ഒരു പൊതുയോഗത്തിൽ പ്രസംഗിച്ച അന്തർജനമെന്ന ബഹുമതിയും അവരുടേതല്ല. ഉദ്ബുദ്ധമായ രാഷ്ട്രീയവീക്ഷണം ഉൾക്കൊണ്ടിരുന്നിട്ടും, അവർ ഒരു സമരത്തിന്റെയും മുന്നിൽ നിന്നില്ല. അതേസമയം, എല്ലാ പുരോഗമനാശയങ്ങൾക്കും അവർ പിന്തുണ നൽകി; എല്ലാ കർമ്മരംഗങ്ങളിലും പ്രവർത്തകരെ അഭിനന്ദിച്ചു. വ്യത്യസ്ത രാഷ്ട്രീയ—സാമൂഹ്യ—സാംസ്കാരികപ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന എത്രയോ ചെറുപ്പക്കാർ അവരെ അമ്മയെന്നു വിളിച്ച് ആദരിച്ചു. അവർക്കൊക്കെ പകർന്നു നൽകാൻ, ഒടുങ്ങാത്ത മാതൃസ്നേഹത്തിന്റെ വറ്റാത്ത ഉറവ ലളിതാംബിക അന്തർജനത്തിന്റെ ഹൃദയത്തിൽ എന്നുമുണ്ടായിരുന്നു.

ഒരു ജ്യേഷ്ഠസഹോദരി അനുജനു നൽകുന്ന സ്നേഹം അന്തർജനത്തിൽ നിന്ന് എനിക്ക് എന്നും ലഭിച്ചുവന്നിട്ടുണ്ട്. അമനകരഇല്ലത്തു ചെന്ന്, അവരുടെ സമൃദ്ധമായ ആതിഥ്യം ഞാൻ അനുഭവിച്ചിട്ടുണ്ട്. പലകുറി എന്റെ വീട്ടിൽ അന്തർജനം അതിഥിയായി വന്നിട്ടുമുണ്ട്. അവരോടൊപ്പം കഴിച്ചുകൂട്ടിയിട്ടുള്ള നിമിഷങ്ങൾ എന്റെ ഓർമയിൽ പച്ചപിടിച്ചു നില്ക്കുന്നു. അന്തർജനത്തിന്റെ രചനാസാകല്യത്തേക്കാൾ എത്രയോ വലുതാണ് അവരുടെ വ്യക്തിത്വമെന്ന് ഞാനെപ്പോഴും കരുതിയിരുന്നു.

ആ ധന്യജീവിതത്തിനു മുമ്പിൽ എന്റെ വിനീത പ്രണാമം!

(9 ഫെബ്രുവരി, 1987)

## 60. എൻ. എൻ. കക്കാട്

'മധുരം സൗമ്യം ദീപ്തം' എന്നതാണു കവിതയെ പററി ഇപ്പോഴും മലയാളികളുടെ സാധാരണ ധാരണ. 'കട്ടരൂക്ഷം ധൂമിലം.' അങ്ങനെയും കവിത ഉണ്ടാവാമെന്നും, അപ്പോഴും കവിതയ്ക്കു കവിതയായിത്തന്നെ നിലനില്ക്കാൻ കഴിയുമെന്നും നമുക്കു ബോദ്ധ്യപ്പെടുത്തിത്തന്ന കവിയാണ് 1987 ജനുവരി 6—ാം തീയതി കോഴിക്കോട്ടുവെച്ച് അന്തരിച്ച കക്കാട് നാരായണൻനമ്പൂതിരി.

വളരെക്കുറച്ചേ കക്കാട് എഴുതിയിട്ടുള്ളു. ആറ് കവിതാസമാഹാരങ്ങളും ഒരു ഖണ്ഡകാവ്യവും നിരൂപണലേഖനങ്ങളുടെ ഒരു സമാഹാരവുമാണ് അദ്ദേഹത്തിൽനിന്നു മലയാള സാഹിത്യത്തിനു കിട്ടിയിട്ടുള്ളതു്. എണ്ണത്തിൽ കുറഞ്ഞ കക്കാടിന്റെ കൃതികൾ വായിച്ചു ശരിക്കു മനസ്സിലാക്കിയവരും കുറവായിരിക്കും. 'സഫലമീ യാത്ര' എന്ന കവിതാസമാഹാരത്തിനു് 1985—ൽ ഒന്നിനു പുറകെ ഒന്നായി ലഭിച്ച പുരസ്കാരങ്ങൾ, അന്ത്യനാളുകളിൽ കവിക്കു വളരെയധികം പ്രശസ്തി നേടിക്കൊടുക്കുകയുണ്ടായെന്നതു ശരിതന്നെ. എങ്കിലും, മലയാളത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന മററു പല കവികളുടെ കൃതികളേക്കാളും കുറഞ്ഞ പ്രചാരമേ കക്കാടിന്റെ കൃതികൾക്കു ലഭിച്ചിട്ടുള്ളു. ശബ്ദസംഗീതത്താൽ ശ്രോതാക്കളെ വ്യാമുഗ്ദ്ധരാക്കാനോ, കൗമാരഭാവനകളെ ഉദ്ദീപിപ്പിക്കുന്ന വൈകാരികവിഷയങ്ങളുടെ വിവരണംകൊണ്ടു ലഘുഹൃദയരും ലഘുപ്രയത്നരുമായ ഭൂരിപക്ഷം വായനക്കാരുടെ തൽക്ഷണ പ്രീതി ആർജിക്കാനോ ഈ കവി ഒരിക്കലും ശ്രമിക്കുകയുണ്ടായില്ല. അനുവാചകരുടെ വികാരങ്ങളെക്കാളേറെ വിചാരങ്ങളെ, അവരുടെ സൗന്ദര്യബോധത്തെക്കാളേറെ ധർമ്മ